## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4756** **14.11.2019-ൽ**
**മറുപടിക്ക്**

### <u>തിരുവമ്പാടി മണ്ഡലത്തിലെ അപകടാവസ്ഥയിലായ കലുങ്കുകളും പാലവും</u>

| <u>ചോദ്യം</u><br>**ശ്രീ.ജോർജ് എം. തോമസ്** | <u>മറുപടി</u><br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) തിരുവമ്പാടി മണ്ഡലത്തിലെ പാതകളിൽ മുക്കം പാലം, കോട്ടമുഴി കലുങ്ക്, കാരശ്ശേരി കലുങ്ക് എന്നിവ കാലപ്പഴക്കത്താൽ അപകടാവസ്ഥയിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;<br><br>(ബി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br><br>(സി) ഇവ പുന:നിർമ്മിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവമ്പാടി മണ്ഡലത്തിലെ മുക്കം പാലം ഏതാണ്ട് 37 വർഷം മുമ്പ് നിർമ്മിച്ചതാണ്. പ്രസ്തുത പാലം പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കാരശ്ശേരി കലുങ്കിന്റെ പുനർനിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു. കോട്ടമുഴി കലുങ്ക് അപകടാവസ്ഥയിലായതിനെ തുടർന്ന് മുന്നറിയിപ്പ് ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. കോട്ടമുഴി കലുങ്കിന്റെ സ്പാൻ 6 മീറ്ററിൽ കൂടുതൽ ആയതിനാൽ റീ കൺസ്ട്രക്ഷൻ നടപടിയാണ് സ്വീകരിക്കേണ്ടത്. പുനർനിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ